"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ചിറയിൻകീഴ് ദേവപ്രിയ സോമിൽ ഉടമ ശ്രീ.രാമചന്ദ്രൻപിള്ളയ്ക്ക് ലൈസൻസ് യഥാസമയം പുതുക്കാത്ത മരാധിഷ്ഠിത വ്യവസായ യൂണിറ്റുകളിൽ നിന്നും ഈടാക്കുന്ന ലേറ്റ് ഫീസ് ഒഴിവാക്കി നൽകി ഉത്തരവാകുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.467/2024/F&WLD തീയതി,തിരുവനന്തപുരം, 29-10-2024

---

പരാമർശം:- 1) ശ്രീ.രാമചന്ദ്രൻപിള്ള, ദേവിപ്രിയ സോമിൽ, ചിറയിൻകീഴ് സമർപ്പിച്ച 29.01.2024 തീയതിയിലെ നിവേദനം.

2) ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)-ന്റെ 17.04.2024 തീയതിയിലെ FC3-334/2024 നമ്പർ കത്ത്.

**ഉത്തരവ്**

ലൈസൻസ് യഥാസമയം പുതുക്കാത്ത മരാധിഷ്ഠിത വ്യവസായ യൂണിറ്റുകളിൽ നിന്നും ഈടാക്കുന്ന ലേറ്റ് ഫീസ് ഒഴിവാക്കി നൽകുന്നതിനായി ചിറയിൻകീഴ് ദേവപ്രിയ സോമിൽ ഉടമ ശ്രീ.രാമചന്ദ്രൻ പിള്ള പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. താൻ കാൻസർ ബാധിതനായതിനാലും മകനുണ്ടായ അപകടം മൂലവുമാണ് യഥാസമയം സോമിൽ ലൈസൻസ് പുതുക്കുന്നതിന് സാധിക്കാതെ വന്നതെന്നും ഇക്കാര്യം അനുഭാവപൂർവം പരിഗണിച്ച് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകിയപ്പോൾ ലേറ്റ് ഫീസായി അടയ്ക്കുവാൻ വനം വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള 46,600/- രൂപ ഇളവ് ചെയ്ത് നല്കണമെന്ന് ശ്രീ.രാമചന്ദ്രൻപിള്ള അപേക്ഷിച്ചിരുന്നു.

2. ദേവപ്രിയ സോമില്ലിന് അനുവദിച്ചിട്ടുള്ള ലൈസൻസിന്റെ കാലാവധി 19.08.2016-ൽ അവസാനിച്ചുവെങ്കിലും, കാൻസർ ബാധിതനായിരുന്നതിനാൽ ശ്രീ.രാമചന്ദ്രൻ പിള്ള ആയത് പുതുക്കാൻ യഥാസമയം അപേക്ഷ സമർപ്പിച്ചില്ലായിരുന്നുവെന്നും, തുടർന്ന് 03.06.2022-ൽ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകുകയുണ്ടായെന്നും ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈസൻസ് ഫീസ് ഇനത്തിൽ 4000/- രൂപയും ലേറ്റ് ഫീസ് ഇനത്തിൽ 42,600/- രൂപയും ഉൾപ്പെടെ 46,600/- രൂപ അടക്കേണ്ടതായിട്ടുള്ളതായിക്കാണുന്നുവെന്നും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ശ്രീ. രാമചന്ദ്രൻ പിള്ളയുടെ അപേക്ഷ വിശദമായി പരിശോധിച്ചു. ശ്രീ.രാമചന്ദ്രൻപിള്ള അർബുദരോഗിയായതിനാലും ടിയാന്റെ മകന്റെ അപകടത്തെത്തുടർന്നാണ് യഥാസമയം സോമിൽ ലൈസൻസ് പുതുക്കാൻ കഴിയാതിരുന്നതെന്നും രണ്ടുപേരുടേയും ചികിത്സ തുടരുകയാണ് എന്നും ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ മാനുഷികപരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ.രാമചന്ദ്രൻ പിള്ള ഒടുക്കേണ്ട ലേറ്റ് ഫീസായ 42,600/-

രൂപ (നാൽപ്പത്തി രണ്ടായിരത്തി അറുനൂറ് രൂപ മാത്രം) ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

ശ്രീ.രാമചന്ദ്രൻപിള്ള, ദേവപ്രിയ സോമിൽ, ചിറയിൻകീഴ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ &ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (2880149/Agri-A1/208/2024-FIN dated 4/10/2024 പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ramjan P A
Date: 30-10-2024 10:55:57
സെക്ഷൻ ഓഫീസർ